## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4127 13.12.2018-ൽ മറുപടിക്ക്

### നികുതിവെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി നടപ്പാക്കി ഒരു വർഷം പിന്നിട്ടിട്ടും നികുതി പിരിവിൽ ലക്ഷ്യമിട്ട വരുമാനം ലഭിക്കാത്ത സാഹചര്യമുണ്ടോ; | (എ) യും (ബി) യും | അനവധാനതയോടെ GST നടപ്പിലാക്കിയതും GSTN പൂർണ്ണമായി സജ്ജമാകാത്തതും ജി.എസ്.ടി നികുതി വരുമാനം പ്രതീക്ഷിച്ച നിരക്കിലെത്താതിരിക്കാൻ കാരണമായി. എന്നാൽ നിയമപ്രകാരം സംസ്ഥാനത്തിന്റെ GST വരുമാനം വർഷം അടിസ്ഥാനമാക്കിയുള്ള 14% വാർഷിക വളർച്ച കണക്കിലാക്കിയുള്ള നികുതി വരുമാനം സംരക്ഷിക്കുന്ന വ്യവസ്ഥ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇത് നമ്മുടെ GST വരുമാനത്തെ സഹായിക്കുന്നുണ്ട്. എന്നാൽ കോമ്പൻസേഷൻ കാലം കഴിയുന്നതുവരെ നമ്മുടെ നികുതി പിരിവ് വളർച്ചയ്ക്കായി കാത്തിരിക്കാനാകില്ല. അതിനുള്ള കഠിനപരിശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഇത് ഫലം കാണുന്നുണ്ട് എന്നാണ് മനസ്സിലാകുന്നത്.<br><br>E-Way Bill പരിശോധനയും വെട്ടിപ്പ തടയുന്നതിനുള്ള നടപടികളും കർശനമായി കൈക്കൊള്ളുന്നുണ്ട്. |
| (ബി) | ചരക്ക് കടത്തിനുള്ള പ്രധാനരേഖയായ ഇ-വേ ബില്ലിന്റെ മറവിൽ നികുതി വെട്ടിപ്പ് നടക്കുന്നതായ സാഹചര്യമുണ്ടോ; | | |
| (സി) | ഇത്തരം കേസുകൾ പിടികൂടുന്നതിനായി സർക്കാർ സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ടോ; | (സി) | ഇത്തരം കേസുകൾ പിടികൂടുന്നതിനായി സർക്കാർ സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. ഇ-വേ ബിൽ ശരിയായി പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91 ൽ നിന്ന് 178 ആയി വർദ്ധിപ്പിക്കുകയും ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ |

| | | | |
|---|---|---|---|
| | | | ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനുപുറമേ കേന്ദ്ര ജി.എസ്.ടി വകുപ്പും പ്രധാന പാതകളിൽ ബിൽ പരിശോധിക്കുവാൻ ഓൺലൈൻ സംവിധാനമുള്ള സ്ക്വാഡുകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? | (ഡി) | വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ